പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 650 06.02.2013 ലെ മറുപടിയ്ക്ക്

കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ചികിത്സാ ധനസഹായം

ചോദ്യം

ശ്രീ. എൻ. ഷംസുദ്ദീൻ

ഉത്തരം

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | അടിയന്തിര ചികിത്സയ്ക്കും ശസ്ത്രക്രിയയ്ക്കും വിധേയരാക്കുന്നവർക്ക് ചികിത്സ തുടങ്ങും മുമ്പ് അപേക്ഷ നൽകണം എന്ന വ്യവസ്ഥ നിലനിൽക്കുന്നതിനാൽ കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ചികിത്സാ സഹായം നിഷേധിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ; | | (എ)&(ബി)<br>സർക്കാർ ആശുപത്രികളിൽ അടിയന്തിര ശസ്ത്രക്രിയക്ക് വിധേയരാവുന്ന രോഗികൾക്ക് ഇതു സംബന്ധിച്ച് ഡോക്ടറുടെ സർട്ടിഫിക്കറ്റും മറ്റു ബന്ധപ്പെട്ട രേഖകളും സഹിതം ശസ്ത്രക്രിയ കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ അതതു ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| (ബി) | ഈ വ്യവസ്ഥയിൽ മാറ്റം വരുത്തി അടിയന്തിര ശസ്ത്രക്രിയകൾ നടത്തേണ്ടി വരുന്ന സാഹചര്യങ്ങളിൽ അങ്ങനെയുള്ളവർക്കും സഹായം ലഭ്യമാക്കത്തക്ക വിധം വ്യവസ്ഥ കളിൽ മാറ്റും വരുത്തുമോ ; വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ